**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3574** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ റീസർവേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റീസർവേ നടപടികൾ ഏത് ഘട്ടത്തിലാണ്; നാളിതുവരെ എത്ര വില്ലേജുകളിൽ ഡിജിറ്റൽ റീസർവേ പൂർത്തീകരിച്ചിട്ടുണ്ട്; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 922 വില്ലേജുകളുടെ റീസർവ്വെ പരമ്പരാഗത രീതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്.<br>"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി അളന്ന 89 വില്ലേജുകളും ഡിജിറ്റൽ സർവ്വെ പുരോഗമിക്കുന്ന 27 വില്ലേജുകളും ഒഴികെയുള്ള 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവ്വെ റിക്കാർഡുകൾ നാലു വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതി 2022 നവംബർ 1 ന് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും ഉൾപ്പെടെയാണ് ആകെ 1550 വില്ലേജുകൾ കണക്കാക്കിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 200 വില്ലേജുകളിൽ 70 വില്ലേജുകളുടെ സർവ്വെ നടപടികൾ പൂർത്തിയാക്കി സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 36 വില്ലേജുകളുടെ 90% സർവ്വെ ജോലികളും 27 വില്ലേജുകളുടെ 70-90% ജോലികളും ബാക്കി വില്ലേജുകളുടെ സർവ്വെ ജോലികൾ പുരോഗതിയിലുമാണ്. പ്രസ്തുത 200 വില്ലേജുകളിലായി 12/02/2024 വരെ 2,35,096.73 ഹെക്ടർ സർവ്വെ പുരോഗതി ആർജ്ജിച്ചിട്ടുണ്ട്. കൂടാതെ രണ്ടാംഘട്ടത്തിലെ 200 വില്ലേജുകളുടെ സർവ്വെ പ്രവർത്തനങ്ങൾക്ക് 20/10/2023 ന് തുടക്കമായിട്ടുള്ളതും നിലവിൽ 34 വില്ലേജുകളിൽ സർവ്വെ ആരംഭിച്ചിട്ടുള്ളതുമാണ്. ഒന്നാം ഘട്ടത്തിലെ വില്ലേജുകളുടെ സർവ്വെ പൂർത്തിയാകുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | | രണ്ടാംഘട്ടത്തിലെ കൂടുതൽ വില്ലേജുകളുടെ സർവ്വെ ആരംഭിക്കുന്നതാണ്. |
| (ബി) | ശേഷിക്കുന്ന വില്ലേജുകളുടെ ഡിജിറ്റൽ റീസർവേ പൂർത്തിയാക്കുന്നതിന് ആസൂത്രണം ചെയ്ത നടപടികൾ വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 922 വില്ലേജുകളുടെ റീസർവ്വെ പരമ്പരാഗത രീതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്. "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി അളന്ന 89 വില്ലേജുകളും ഡിജിറ്റൽ സർവ്വെ പുരോഗമിക്കുന്ന 27 വില്ലേജുകളും ഒഴികെയുള്ള 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവ്വെ റിക്കാർഡുകൾ നാലു വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതി 2022 നവംബർ 1 ന് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും ഉൾപ്പെടെയാണ് ആകെ 1550 വില്ലേജുകൾ കണക്കാക്കിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 200 വില്ലേജുകളിൽ 70 വില്ലേജുകളുടെ സർവ്വെ നടപടികൾ പൂർത്തിയാക്കി സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 36 വില്ലേജുകളുടെ 90% സർവ്വെ ജോലികളും 27 വില്ലേജുകളുടെ 70-90% ജോലികളും ബാക്കി വില്ലേജുകളുടെ സർവ്വെ ജോലികൾ പുരോഗതിയിലുമാണ്. പ്രസ്തുത 200 വില്ലേജുകളിലായി 12/02/2024 വരെ 2,35,096.73 ഹെക്ടർ സർവ്വെ പുരോഗതി ആർജ്ജിച്ചിട്ടുണ്ട്. കൂടാതെ രണ്ടാംഘട്ടത്തിലെ 200 വില്ലേജുകളുടെ സർവ്വെ പ്രവർത്തനങ്ങൾക്ക് 20/10/2023 ന് തുടക്കമായിട്ടുള്ളതും നിലവിൽ 34 വില്ലേജുകളിൽ സർവ്വെ ആരംഭിച്ചിട്ടുള്ളതുമാണ്. ഒന്നാം ഘട്ടത്തിലെ വില്ലേജുകളുടെ സർവ്വെ പൂർത്തിയാകുന്ന മുറയ്ക്ക് രണ്ടാംഘട്ടത്തിലെ കൂടുതൽ വില്ലേജുകളുടെ സർവ്വെ ആരംഭിക്കുന്നതാണ്. |
| (സി) | ഡിജിറ്റൽ റീസർവേക്ക് ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഡിജിറ്റൽ സർവ്വെ പദ്ധതി നിർവ്വഹണം സുഗമമാക്കുന്നതിനും വകുപ്പിലെ മാനുഷിക വിഭവശേഷി വർദ്ധിപ്പിക്കുന്നതിനുമായി 1500 സർവ്വെയർമാരെയും 3200 ഹെൽപ്പർമാരെയും കരാറടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസത്തേയ്ക്ക് താൽക്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആയതിൻ പ്രകാരം ജില്ലകളിൽ നിയമനം നൽകി വരുന്നതും ടി നിയമനം സാങ്കേതിക ജോലിയായത് കൊണ്ട് തന്നെ 179 ദിവസത്തെ സർവ്വീസ് |

| | | | |
|---|---|---|---|
| | | | കാലയളവിൽ ആധുനിക സർവ്വെ രീതികളിൽ ഉദ്യോഗാർത്ഥികൾ ആർജ്ജിക്കുന്ന പരിചയസമ്പത്ത് പദ്ധതി നിർവ്വഹണത്തിന് മുതൽക്കൂട്ടാക്കുന്നതിനായി 179 ദിവസത്തെ സർവ്വീസ് പൂർത്തീകരിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഒരു ദിവസത്തെ സർവ്വീസ് ബ്രേക്ക് നൽകി ടി ഉദ്യോഗാർത്ഥികളുടെ നാളത് വരെയുള്ള പ്രവർത്തനം വിലയിരുത്തി പുനർനിയമനം നൽകി വരുന്നതുമാണ്. നിലവിൽ 1305 കോൺട്രാക്ട് സർവ്വെയർമാരും, 2014 കോൺട്രാക്ട് ഹെൽപ്പർമാരും ജോലി ചെയ്തു വരുന്നതുമാണ്. ശേഷിക്കുന്ന ഉദ്യോഗാർത്ഥികളുടെ നിയമനം അന്തിമഘട്ടത്തിലുമാണ്. ഇതുകൂടാതെ ഡിജിറ്റൽ സർവ്വെ നടപടികൾക്കായി വകുപ്പിലെ പി.എസ്.സി വഴി നിയമിതരായ സ്ഥിരം സർവ്വെയർമാരുടെ കുറവ് നികത്തുന്നതിനായി സർവ്വെ വകുപ്പിൽ കാലങ്ങളായി ഒഴിഞ്ഞു കിടന്നതും റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതുമായ 110 ഡ്രാഫ്റ്റ്സ്മാൻ തസ്തികകളെ പരിവർത്തനം ചെയ്ത് സർവ്വെയർ തസ്തികകളാക്കി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തുകൊണ്ട് സർവ്വെയർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ